## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5601 — 29.07.2015-ന് മറുപടി നൽകേണ്ടത്

# സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിയമനം

**ചോദ്യം**

ശ്രീ. എ.കെ.ബാലൻ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഏതെല്ലാം തസ്തികകളിൽപ്പെട്ട ഉദ്യോഗസ്ഥരെയാണ് സെക്രട്ടേറിയറ്റിന് പുറത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നത് ; സെക്രട്ടേറിയറ്റിലെ തസ്തികയും വകുപ്പിലെ തസ്തികയും അവയുടെ എണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | | **(എ) യും (ബി)യും (സി) യും (ഡി) യും** സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ്, ബൈൻഡർ എന്നീ തസ്തികകളിലുള്ളവർക്കും വിവിധ ബോർഡുകൾ, കോർപ്പറേഷനുകൾ, അതോറിറ്റികൾ എന്നിവിടങ്ങളിലെ വിവിധ തസ്തികകളിൽ നിയമനം അനുവദിക്കാറുണ്ട്. ഇത്തരത്തിൽ നിയമനം/അന്യത്ര സേവനം അനുവദിച്ച പൊതുഭരണ/നിയമ/ധനകാര്യ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ തസ്തിക, വകുപ്പുകളിലെ തസ്തികകൾ, എണ്ണം ഇവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പുറത്തുള്ള നിയമനത്തിന് പ്രത്യേക ക്വാട്ട നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടേറിയറ്റ് ജീവനക്കാരെ മാത്രം നിയമിക്കുന്ന തസ്തികകൾ ഏതെല്ലാമാണ് ; സെക്രട്ടേറിയറ്റിലെ തസ്തിക, വകുപ്പിലെ തസ്തിക, അവയുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ; | | |
| (സി) | സെക്രട്ടേറിയറ്റിന് പുറത്തുള്ള ഏതെല്ലാം തസ്തികകളുടെ നിയമനത്തിനാണ് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ക്വാട്ട നിശ്ചയിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | | |
| (ഡി) | അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി എന്നിവരെ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റിന് പുറത്ത് നിയമിക്കുന്നത് ; തസ്തികകളുടെ പേരും, എണ്ണവും അടക്കമുള്ള വിശദാംശങ്ങൾ നല്കുമോ ; | | |
| (ഇ) | ഹയർ സെക്കണ്ടറി വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് സെക്രട്ടേറിയറ്റ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ; വിശദമാക്കാമോ ? | (ഇ) | സീനിയർ അഡ്മിനിസ്ട്രേറ്റർ തസ്തികയിലും ജൂനിയർ / സീനിയർ സൂപ്രണ്ട് തസ്തികകളിലും പൊതുഭരണ വകുപ്പിലെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ